● പഠനം

● ഡോ. അബ്ദുൽ മജീദ് ഉമർ നജ്ജാർ

# പരിസ്ഥിതി ഇസ്‌ലാമിക ജ്ഞാനശാസ്ത്രത്തിൽ

**പരിസ്ഥിതിയിലെ വസ്തുക്കളെ വസ്തുനിഷ്ഠ യാഥാർഥ്യങ്ങൾ എന്ന നിലയിലാണ് ഖുർആൻ ചിത്രീകരിക്കുന്നത്. അവയിലെ ഒന്നുപോലും അനുഭവവേദ്യമല്ലാത്ത കേവല ധാരണയോ തോന്നലോ അല്ല. എത്രത്തോളമെന്നാൽ,പരിസ്ഥിതിയുടെ ഭൗതിക സാന്നിധ്യത്തെപ്പറ്റി പറയുമ്പോൾ വായനക്കാരന് അതിനെ ഒരുവസ്തുനിഷ്ഠ യാഥാർഥ്യമായല്ലാതെ ചിന്തിക്കാൻ കഴിയാത്ത വിധമാണ് ഖുർആന്റെ അവതരണം.**

(1999 ഹി: 1419ലെ മക്തബത്തു ശൈഖ് അലി ബ്നു അബ്ദില്ല ആലുസാനി അൽ വഖ്ഫിയ്യഃ അൽ ആലമിയ്യഃ (ഖത്വർ) അവാർഡ് നേടിയ ഗവേഷണ പഠനത്തിന്റെ തുടർച്ച)

പരിസ്ഥിതിയുടെ ആത്മീയ യാഥാർഥ്യത്തെക്കുറിച്ച് മതങ്ങളും പ്രത്യയ ശാസ്ത്രങ്ങളും വ്യത്യസ്ത നിലപാടുകളാണ് മുന്നോട്ട് വെക്കുന്നതെങ്കിലും അനുഭവവേദ്യമായ സത്യം എന്ന നിലയിൽഅതിന്റെ ഭൗതിക യാഥാർഥ്യത്തെക്കുറിച്ച് അവ മിക്കവാറും ഏകാഭിപ്രായമാണ് മുന്നോട്ടു വെക്കുന്നത്. പക്ഷെ, പരിസ്ഥിതിയുടെ ആത്മീയ യാഥാർഥ്യത്തെക്കുറിച്ച കാഴ്ചപ്പാടിലെ അന്തരം അതിന്റെ നേരെയുള്ള പ്രായോഗികസമീപനത്തെ ബാധിക്കുന്നുണ്ട്. പരിസ്ഥിതിക്ക് ആത്മീയമൂല്യമുണ്ടോ, ഇല്ലയോ, ചുരുങ്ങിയത് അത് പരിഗണിക്കേണ്ടതുണ്ടോ, ഇല്ലയോ എന്നതാണ് ആത്മീയ മേഖലയിൽ ചർച്ച ചെയ്യപ്പെടുന്നതെങ്കിൽ, അതിന്റെ ഭൗതിക യാഥാർഥ്യം സംബന്ധിച്ച് മറ്റ് ചില അടിസ്ഥാനങ്ങളിലാണ്ചർച്ച ചെയ്യപ്പെടുന്നത്. ഇവയിൽ പ്രധാനം രണ്ടെണ്ണമാണ്. ഒന്ന്, പരിസ്ഥിതി ഭൗതിക അസ്തിത്വത്തിനും കേവലമായ ധാരണക്കും മാധ്യെ. രണ്ട്, പരിസ്ഥിതിയുടെ മൂല്യം പരിഗണനക്കും അവഗണനക്കും മധ്യെ. മേൽരണ്ട് വിഷയത്തിലും ഇസ്‌ലാമിക സംസ്കാരത്തിൽ തനതുനിലാടുണ്ട്. അത് പാശ്ചാത്യ നിലപാടിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്.

പരിസ്ഥിതിയെ അനുഭവ യാഥാർഥ്യം, മാനസികമായ അവബോധം എന്നിവക്ക് മധ്യെ കൈകാര്യം ചെയ്യുന്നത് ശ്രദ്ധേയമായ വിഷയമല്ല എന്ന് തോന്നാം. കാരണം, പഞ്ചേന്ദ്രിയങ്ങൾ സാക്ഷ്യം വഹിക്കുന്നതുപോലെ പരിസ്ഥിതി ഒരു യാഥാർഥ്യമായി നമ്മുടെ മുമ്പാകെയുണ്ട്. പക്ഷെ, പലമതങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും സാംസ്കാരിക തത്വശാസ്ത്രം അതിനെ ഒരു യാഥാർഥ്യമായി കാണുന്നില്ല. അത് അവയെ സംബന്ധിച്ചേടത്തോളം തീർച്ച സത്യമല്ല, ചർച്ചാവിഷയമാണ്. അതായത്, പരിസ്ഥിതി യാഥാർഥ്യമാണോ, അതോ, കേവല ധാരണയാണോ എന്നത് സംബന്ധിച്ച് ഇപ്പോഴും ചർച്ചകർ നടക്കുന്നു.

ഇവിടെ ഇസ്‌ലാമിക കാഴ്ചപ്പാട് തീർത്തും വ്യക്തമാണ്. പഞ്ചേന്ദ്രിയങ്ങൾ സാക്ഷ്യം വഹിക്കുന്നതുപോലെ പരിസ്ഥിതി ഒരു ഭൗതിക യാഥാർഥ്യമാണ്. ഇതര സംസ്കാരങ്ങളിലേതുപോലെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഒന്നും മിഥ്യയല്ല, മ്ലേഛ ധാരണയല്ല. ഈ വസ്തുതയെ ആധാരമാക്കിയാണ് വിജ്ഞാനം പൊതുവെയും പരിസ്ഥിതി വിജ്ഞാനീയം വിശേഷിച്ചും ആവിഷ്കൃതമാവുന്നത്. ഇതേ അടിസ്ഥാനം ആധാരമാക്കിത്തന്നെയാണ് പരിസ്ഥിതിയുമായുള്ള ഇടപഴക്കം എങ്ങനെയായിരിക്കണമെന്ന് നിർണയിക്കപ്പെടുന്നത്. ഇസ്‌ലാമിക സംസ്കാരത്തിൽ ഇതൊരു തർക്കവിഷയമേ അല്ല. ഇത് സംബന്ധമായ ഇസ്‌ലാമിക സംസ്കാരത്തിലെ നിലപാട് നജ്മുദ്ദീൻ ഉമറുന്നസഫി(മരണം:ഹി:537) രേഖപ്പെടുത്തിയത് കാണുക:

حقائقُ الأشْياءِ ثابتة و العلم بها متحقق خلافا للسفسطائية

(സഹജ ജ്ഞാനത്തെയും അനുഭവ ജ്ഞാനത്തെയും നിഷേധിക്കുന്ന ചിന്താഗതിയിൽ നിന്ന് വ്യത്യസ്തമായി വസ്തുക്കളുടെ യാഥാർഥ്യങ്ങൾ സ്ഥാപിതമാണ്. അവയെ കുറിച്ച അറിവ് ഉറച്ചതാണ്.)*1* ഭൗതിക യാഥാർഥ്യങ്ങളെ മിഥ്യയായി കാണുന്ന കാഴ്ചപ്പാടുകളെ നിരാകരിക്കുന്ന ശക്തമായ പ്രസ്താവമാണ് നസഫിയുടേത്.

ഈ ഇസ്‌ലാമിക കാഴ്ചപ്പാട് ഭൗതിക പ്രപഞ്ചമെന്ന യാഥാർഥ്യത്തിന് പൊതുവെയും, മാനവജീവിത

ത്തിന് പരിസരമൊരുക്കുന്ന പരിസ്ഥിതിക്ക് സവിശേഷമായും ഇണങ്ങുന്നതാണ്. തത്ത്വ ശാസ്ത്രങ്ങളെ പോലെ കേവല സൈദ്ധാന്തികമായല്ല ഇക്കാര്യം ഖുർആൻ സ്ഥാപിക്കുന്നത്. കാരണം, ഖുർആൻ ഒരു തത്ത്വ ശാസ്ത്രഗ്രന്ഥമല്ല, സന്മാർഗ ഗ്രന്ഥമാണ്. എങ്കിലും, പരിസ്ഥിതിയാഥാർഥ്യത്തെ ചിത്രീകരിക്കുന്ന ഖുർആനിക മാർഗദർശന സംഗ്രഹം അതിനെ വസ്തുതാപരവും പ്രയോഗക്ഷമവുമായ ഒരു ഭൗതികാനുഭവമായാണ് അവതരിപ്പിക്കുന്നത്.

**പാരിസ്ഥിതിക അറിവിന്റെ വസ്തുനിഷ്ഠത**

പരിസ്ഥിതിയിലെ വസ്തുക്കളെ വസ്തുനിഷ്ഠ യാഥാർഥ്യങ്ങൾ എന്ന നിലയിലാണ് ഖുർആൻ ചിത്രീകരിക്കുന്നത്. അവയിലെ ഒന്നുപോലും അനുഭവവേദ്യമല്ലാത്ത കേവല ധാരണയോ തോന്നലോ അല്ല. എത്രത്തോളമെന്നാൽ,പരിസ്ഥിതിയുടെ ഭൗതിക സാന്നിധ്യത്തെപ്പറ്റി പറയുമ്പോൾ വായനക്കാരന് അതിനെ ഒരു വസ്തുനിഷ്ഠ യാഥാർഥ്യമായല്ലാതെ ചിന്തിക്കാൻ കഴിയാത്ത വിധമാണ് ഖുർആന്റെ അവതരണം. ചില ഉദാഹരണങ്ങൾ കാണുക:

﴿هُوَ الَّذِي خَلَقَ لَكُمْ مَّا فِي الأَرْضِ جَمِيعًا ثُمَّ اسْتَوَى إِلَى السَّمَاءِ فَسَوَّاهُنَّ سَبْعَ سَمَاوَاتٍ﴾

അവനാണ് നിങ്ങൾക്ക് വേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചു തന്നത്. പുറമെ ഏഴ് ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരിലോകത്തെ സംവിധാനിച്ചവനും അവൻ തന്നെ.(ബഖറഃ:29)

﴿أَلَمْ تَرَ أَنَّ اللَّهَ أَنْزَلَ مِنَ السَّمَاءِ مَآءً فَأَخْرَجْنَا بِهِ ثَمَرَاتٍ مُّخْتَلِفًا أَلْوَانُهَا وَمِنَ الْجِبَالِ جُدُدٌ بِيضٌ وَحُمُرٌ مُّخْتَلِفٌ أَلْوَانُهَا وَغَرَابِيبُ سُودٌ﴾


***ഇമ്മാനുവൽ കാന്റ്***


***ഫ്രാൻസിസ് ബേക്കൺ***

'നീ കണ്ടില്ലേ, അല്ലാഹു ആകാശത്ത് നിന്നും വെള്ളം ചൊരിഞ്ഞു. എന്നിട്ട് അത്മുഖേന വ്യത്യസ്ത വർണങ്ങളുള്ള പഴങ്ങൾ നാം ഉൽപ്പാദിപ്പിച്ചു. പർവതങ്ങളിലുമുണ്ട് വെളുത്തതും ചുകന്നതുമായ നിറഭേദങ്ങളുള്ള പാതകൾ. കറുത്തിരുണ്ടവയുമുണ്ട്.'(ഫാത്വിർ:27)

പരിസ്ഥിതിയിലെ വസ്തുക്കളെ മനുഷ്യരിൽ നിന്ന് ഭിന്നമായ അസ്തിത്വങ്ങളായാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. പദാർഥം, വർണം,രൂപം മുതലായവയിലെല്ലാം ഈ ഭിന്നത നിലനിൽക്കുന്നു. ഈ വസ്തുക്കളെല്ലാം ഉണ്ട് എന്നും, അവയുടെ അസ്തിത്വം സ്വതന്ത്രമാണെന്നും, അത് മനസ്സിലാക്കുന്ന മനുഷ്യമനസ്സും അവയും തീർത്തും ഭിന്നമായ അസ്തിത്വങ്ങളാണെന്നും ഖുർആൻ സിദ്ധാന്തിക്കുന്നു.*2*

പ്രകൃതിയിലെ ഓരോ വസ്തുവിന്റെയും സ്വതന്ത്രമായ അസ്തിത്വം നമ്മുടെ മനസ്സിൽ മാറ്റാൻ കഴിയാത്ത ചിത്രമായി തെളിയുന്നു. മറ്റൊരു വിധം പറഞ്ഞാൽ, വസ്തുതയായി നേരത്തെ കണ്ട ഒരു വസ്തുവിന്റെ പ്രതിരൂപമാണ് അതേകുറിച്ച് കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ തെളിയുന്നത്. താഴെ സൂക്തത്തിന്റെ വിവക്ഷ അതാണ്:

﴿وَعَلَّمَ آدَمَ الْأَسْمَاءَ كُلَّهَا ثُمَّ عَرَضَهُمْ عَلَى الْمَلَآئِكَةِ فَقَالَ أَنبِئُونِي بِأَسْمَاءِ هَؤُلَآءِ إِنْ كُنْتُمْ صَادِقِينَ﴾

അവൻ–അല്ലാഹു– ആദമിന് നാമങ്ങളെല്ലാം പഠിപ്പിച്ചു. പിന്നീട് ആ പേരിട്ടവയെ അവൻ മലക്കുകൾക്ക് കാണിച്ചു. എന്നിട്ടവൻ ആജ്ഞാപിച്ചു. നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞു തരൂ.(ബഖറ:31) ഈസൂക്തത്തിൽ നാമങ്ങൾ എന്നു പറഞ്ഞത് മനുഷ്യന്റെ സത്തയിൽ നിന്ന് തീർത്തും സ്വതന്ത്രമായ വസ്തുക്കളെ കുറിച്ച സൂചനയാണ്. മനുഷ്യസത്തയിൽനിന്ന് ബാഹ്യമായ വസ്തുക്കളുടെ ചിത്രങ്ങൾ മനസ്സിൽ തെളിഞ്ഞു വരാൻ അഭ്യസിപ്പിക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. പരിസ്ഥിതിയിൽ ഒട്ടേറെ സൃഷ്ടിവൈവിധ്യങ്ങളുണ്ട്. സസ്യങ്ങളും മൃഗങ്ങളും നിർജീവവസ്തുക്കളുമെല്ലാം പരസ്പരം യഥാർഥ വൈവിധ്യങ്ങൾ പുലർത്തുന്നു. ഇവയിലോരോന്നും മറ്റുള്ളവയിൽ നിന്ന് സ്വന്തമായ സ്വത്വ സവിശേഷതകൾ പുലർത്തുന്നു. അസ്തിത്വത്തിലും നിർവഹിച്ചു കൊണ്ടിരിക്കുന്ന ദൗത്യത്തിലും ഓരോന്നും അന്യോന്യ ഭിന്നമാണ്. ഈ വ്യതിരിക്ത വ്യക്തിത്വവും,തരവും,ധർമ്മവും സൃഷ്ടിപ്പിൽ മാറിമറിയാതെയും ഒന്നിന്റെ ജോലി മറ്റൊന്ന് നിർവഹിക്കാതെയും ലോകത്ത് തുടർന്നു പോകുന്നത് നാം കാണുന്നു.

﴿قَالَ رَبُّنَا الَّذِي أَعْطَى كُلَّ شَيْءٍ خَلْقَهُ ثُمَّ هَدَى﴾

ഞങ്ങളുടെ നാഥൻ എല്ലാ വസ്തുവിന്നും അതിന്റെ സൃഷ്ടിപ്പ് നൽകുകയും പിന്നെ അതിന് വഴി കാണിക്കുകയും ചെയ്തവനാണ്(ത്വാഹാ:50) അതായത്, പരിസ്ഥിതിയിലെ ഓരോ ഘടകവും സൃഷ്ടിപ്പിലും നിർവഹിക്കുന്ന ധർമത്തിലും സ്വന്തമായ വ്യക്തിത്വമുള്ളവയാണ്.

**പാരിസ്ഥിതിക അവസ്ഥയുടെ വസ്തുനിഷ്ഠത**

പ്രകൃതിയിലെ പദാർഥങ്ങൾ അവ നിർമിതമായ മൂലകങ്ങളിലും വലിപ്പത്തിലും രൂപങ്ങളിലും എന്നപോലെ, അവയുടെ ആകൃതിപരമായ അവസ്ഥകളിലും വ്യത്യസ്തമാണ്. പരിസ്ഥിതിയിലെ ഓരോ ഘടകവും ഇനവും പരസ്പര ബന്ധങ്ങളിലും മൗലികവും ധർമപരവുമായി അന്യോന്യം പൂർണത നേടുന്നതിലും തനത് സവിശേഷതകൾ പുലർത്തുന്നു.

പരിസ്ഥിതിയിൽ നിന്ന് പ്രത്യക്ഷമായി മനസ്സിലാകുന്നതുപോലെ, അതിലെ ഓരോഘടകവും രൂപത്തിലും ധർമനിർവഹണത്തിലും വ്യത്യസ്തമാണെങ്കിലും അവയെയെല്ലാം യോജിപ്പിക്കുന്ന സമഗ്രമായ ഒരു ഘടകമുണ്ട്. ഒരുദാഹരണം:

﴿يأَيُّهَا النَّاسُ إِنْ كُنْتُمْ فِي رَيْبٍ مِّنَ الْبَعْثِ فَإِنَّا خَلَقْنَاكُمْ مِنْ تُرَابٍ﴾

'ജനങ്ങളേ, നിങ്ങൾ പുനരുദ്ധാനത്തെപ്പറ്റി സംശയത്തിലാണെങ്കിൽ തീർച്ചയായും നാം നിങ്ങളെ മണ്ണിൽ നിന്നാണ് സൃഷ്ടിച്ചിരിക്കുന്നത്.' (ഹജ്ജ് – 5) പ്രകൃതിയിലെ ഏറ്റവും താണ നിലയിലുള്ള ലോഹവും, ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള മനുഷ്യനും സ്വത്വപരമായി ഒരേ പദാർഥത്താൽ നിർമിതമാണ്. ലോഹത്തിനും മനുഷ്യനുമിടയിലെ വസ്തുക്കളും ഈ ഏകത്വം പങ്കുവെക്കുന്നു എന്ന് തെളിയിക്കുന്നു. ബാഹ്യമായ അന്തരങ്ങൾ എന്തൊക്കെയായാലും ഈ ഏകത്വം ഒരു യാഥാർഥ്യമാണ്. ഇതുപോലെത്തന്നെയാണ് പാരിസ്ഥിതിക വസ്തുക്കൾ ഇണകളാണെന്ന വസ്തുതയും.

﴿وَمِنْ كُلِّ شَيْءٍ خَلَقْنَا زَوْجَيْنِ لَعَلَّكُمْ تَذَكَّرُونَ﴾

എല്ലാ വസ്തുക്കളിൽ നിന്നും നാം രണ്ട് ഇണകളെ സൃഷ്ടിച്ചു. നിങ്ങൾ ഉദ്ബുദ്ധരായേക്കാം(ദാരിയാത്ത്–49) ചുരുക്കത്തിൽ മനുഷ്യൻ ജീവിക്കുന്ന പരിസ്ഥിതിയിലെ എല്ലാ വസ്തുക്കളെയും ഏകോപിപ്പിക്കുന്ന ഘടകങ്ങൾ വേറെയുമുണ്ടെന്നർഥം.

പ്രത്യക്ഷത്തിൽ മനസ്സിലാകുന്നതുപോലെയും നേരത്തെ നാം വിശദീകരിച്ചതുപോലെയും എല്ലാ പാരിസ്ഥിതിക വസ്തുക്കളുടെയും തനതു വ്യക്തിത്വവും തരവും പ്രകടമാണെങ്കിലും സംഖ്യ, തൂക്കം,അളവ്, ധർമം എന്നിവയിൽ അവക്കിടയിൽ അതിസൂക്ഷ്മമായ പൊരുത്തം നിലനിൽക്കുന്നു. ഈ പൊരുത്തമാണ് പരിസ്ഥിതിയുടെ പൊതു ചട്ടക്കൂടിനെ കാത്തു സൂക്ഷിക്കുന്നത്.

പരിസ്ഥിതിയുടെ ആന്തരിക ഘടനയിലെ ഈ ഐക്യവും പൊരുത്തവും അതിന്റെ ബാഹ്യമേഖലയിലും ഒരു വസ്തുതയാണെന്ന് ഇസ്‌ലാം സിദ്ധാന്തിക്കുന്നു. ഓരോ സൃഷ്ടിയുടെയും ആന്തര ഘടനയിലും രൂപത്തിലും വലിപ്പത്തിലും എന്നപോലെ അത് മറ്റ് സൃഷ്ടികളുമായി ചേരുന്നേടത്തും പാരിസ്ഥിതിക സന്തുലനം നേടുന്നേടത്തും ഇതേ പൊരുത്തം നിലനിൽക്കുന്നു.

**പ്രത്യയശാസ്ത്ര താരതമ്യം**

ഈ വിഷയകമായി ഇസ്‌ലാമിന്റെയും പാശ്ചാത്യശാസ്ത്രങ്ങളുടെയും കാഴ്ചപ്പാടുകൾ താരതമ്യം ചെയ്യുമ്പോൾ വലിയ അന്തരം നമുക്ക് കാണാൻ കഴിയും. ഉദാഹരണമായി, ഗ്രീക്ക് തത്ത്വശാസ്ത്രമെടുക്കാം. പാരിസ്ഥിതിക ലോകം വെറും തൊന്നലാണെന്നതായിരുന്നു ഗ്രീക്ക് ദാർശനികനായിരുന്നParmenides (BC 540-450)ന്റെ കാഴ്ചപ്പാട്. യഥാർഥലോകമെന്നത് നമ്മുടെ ബുദ്ധി നമുക്ക് വെളിപ്പെടുത്തിത്തരുന്ന മറ്റൊരുലോകമാണെന്നായിരുന്നു അദ്ദേഹത്തന്റെ പക്ഷം.*3* പിന്നീട് വന്ന പ്ലാറ്റോ, ഈ ലോകത്ത് നാം കാണുന്ന വസ്തുക്കൾ യഥാർഥ വസ്തുക്കളല്ല, മറ്റൊരു ലോകത്തെ വസ്തുക്കളുടെ രൂപങ്ങൾ മാത്രമാണ് എന്ന് സിദ്ധാന്തിച്ചു. ഒരു ഗുഹയുടെ അഗാധതയിൽ അതിനപുറമെയുള്ള വസ്തുക്കളുടെ നിഴലുകൾ പ്രതിബിംബിച്ച് കാണുന്നതുപോലെയാണ് നാം നമ്മുടെ ചുറ്റുമുള്ള വസ്തുക്കളെ കാണുന്നത്. അല്ലാതെ നാം അവയെ യഥാർഥ രൂപത്തിൽ കാണുകയല്ല. ചുരുക്കത്തിൽ, പ്രകൃതിയിൽ നാം ഉടപഴകുന്നത് യഥാർഥ




*ബാർക്കലെ*



*ആൽബർട്ട് കാമു*

അസ്തിത്വമില്ലാത്ത തോന്നലുകളിലൂടെ രൂപപ്പെടുന്ന വസ്തുക്കളുമായാണ്.*4*


ഈ ചിന്താഗതി ആധുനികതത്ത്വശാസ്ത്രത്തിൽ വ്യത്യസ്ത പ്രതിധ്വനികൾ സൃഷ്ടിച്ചു. ഇതിന്റെ ഏറ്റവും പരമമായ നിലപാട് അയർലന്റിലെ ദാർശനികനായ Berkeley George (മരണം:1753)യുടേതാണ്. അദ്ദേഹം എഴുതി: നമ്മുടെ പരിസ്ഥിതിയിൽ മാത്രമല്ല, ഈ ലോകത്ത് തന്നെയും മൊത്തമായുള്ള ഒന്നും യഥാർഥത്തിൽ ഉള്ളതല്ല. പ്രത്യുത, അവ നമ്മുടെ ബുദ്ധിയിലുള്ളതിന്റെ പ്രതിഫലനം മാത്രമാണ്.*5*

പരിസ്ഥിതി എന്ന വസ്തുതായാഥാർഥ്യത്തെ നിഷേധിക്കുന്ന തീവ്രമായ ഈ നിലപാടിന്റെ തന്നെ പുനരാഖ്യാനമാണ് ആധുനിക തത്ത്വശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന ഡെക്കാർത്തിന്റേതും. 'ഞാൻ ചിന്തിക്കുന്നു, അതിനാൽ ഞാൻ ഉണ്ട്.' എന്ന അദ്ദേഹത്തിന്റെ പ്രസ്താവന പ്രസിദ്ധമാണല്ലോ. വസ്തുക്കൾ ഉണ്ട് എന്ന് നമുക്ക് ഉറപ്പാവുന്നത് നമുക്ക് ചിന്താസ്വത്വം ഉള്ളതിനാലാണ്. വസ്തുക്കൾ ഉണ്ട് എന്നതിനേക്കാൾ നമ്മുടെ ചിന്താസ്വത്വമാണ് യാഥാർഥ്യം.പ്രകാശം, നിറം, ശബ്ദം, ഗന്ധം,രുചി,ഉഷ്ണം മുതലായവക്കൊന്നും യഥാർഥത്തിൽ അസ്തിത്വമില്ല. എല്ലാം മനുഷ്യരുടെ തോന്നലുകളാണ്.*6*

ഡെക്കാർത്തിനു ശേഷം പല തത്ത്വശാസ്ത്രജ്ഞരും പാരിസ്ഥിതിക ലോകത്തിന്റെ ഭൗതികാസ്തിത്വയാഥാർഥ്യം സംബന്ധിച്ച് അദ്ദേഹത്തിന്റെ വീക്ഷണങ്ങൾക്ക് സ്വാധീനവിധേയരായി. ബാഹ്യലോകത്തിന്റെ അളവുപരവും രൂപപരവുമായ രണ്ടു മാനങ്ങളെയും നിഷേധിക്കുന്ന പ്രവണതവളർന്നു വന്നു. Berkley George

നെപോലെ പൂർണമായും, മറ്റുചില തത്ത്വശാസ്ത്ര ജ്ഞരെ പോലെ ഭാഗികമായും നിഷേധിക്കുന്നവർ രംഗത്തു വന്നു. Francis Bacon (മരണം:ക്രി:1626),Hegel George (മരണം:ക്രി:1831 മുതലായവർ ഈ ഗണ ത്തിൽപെടുന്നു. ബുദ്ധിയാണ് ലോകത്തെയും യാഥാർഥ്യ ത്തെയും സൃഷ്ടിക്കുന്നത്. എല്ലാം യഥാർഥത്തിലുള്ള തായി നാം പറയുന്നത് ബുദ്ധിയുടെ തോന്നലുകൾ കാര ണമാണെന്നാണ് ഹെഗലിന്റെ വാദം.*7* Alber Camus(മ രണം: ക്രി:1960),Jean Paul Sarlie(മരണം: ക്രി:1980) എന്നി





***ഡേവിഡ് ഹ്യൂം*** ***ജീൻ പോൾ സാർത്യ***

വരും സമാന ചിന്താഗതിക്കാരാണ്.*8*

പ്രകൃതിയിലെ വസ്തുക്കൾ തമ്മിലെ കാര്യ-കാ രണ ബന്ധങ്ങളെ David hume മരണം-ക്രി-1776) ശക്തി യായി നിഷേധിച്ചു. ഇദ്ദേഹത്തെയും മറികടന്ന് Immanuel Kant മരണം-ക്രി-1804) പരിസ്ഥിതിയിലെ, ശാസ്ത്രീയ മെന്ന് വിവരിക്കപ്പെടുന്ന വ്യവസ്ഥയ്ക്ക് യാതൊരു അടി സ്ഥാനവുമില്ലെന്നും, മനുഷ്യബുദ്ധിയെ സൃഷ്ടിക്കുന്ന തിൽ മാത്രമെ അതിന് പങ്കുള്ളുവെന്നും വാദിച്ചു.

'ചിന്ത അതിന്റെ നിയമങ്ങളെ പ്രകൃതിയിൽ നിന്ന് കണ്ടെത്തുകയല്ല, പ്രത്യുത,ചിന്ത നിയമങ്ങളെ പ്രകൃ തിയിൽ ചുമത്തുകയാണ്' കാന്റിന്റെ ഈ പ്രസ്താവന അദ്ദേഹത്തിന്റെ ചിന്തയെ പ്രകാശിപ്പിക്കുന്നുണ്ട്.*9*

ഇസ്‌ലാം, പരിസ്ഥിതി എന്ന യാഥാർഥ്യത്തെ മൊത്തമായും വിശദാംശങ്ങളിലും മനുഷ്യ സത്തയിൽ നിന്ന് തികച്ചും സ്വതന്ത്രമായ അസ്തിത്വമായി അവതരി ക്കുമ്പോൾ, ആധുനിക പാശ്ചാത്യ നാഗരികത അതിനെ മനോഭ്രമങ്ങളായി മാത്രമാണ് അവതരിപ്പിക്കുന്നത്. ഈ രണ്ടു സമീപനങ്ങളും പരിസ്ഥിതിയിൽ ചെലുത്തുന്ന പ്രത്യാഘാതങ്ങൾ പരസ്പരഭിന്നമായിരിക്കുമെന്ന് പറയേ ണ്ടതില്ല.

**പരിസ്ഥിതിയുടെ ഭൗതികമൂല്യം ഖുർആനിൽ**

പരിസ്ഥിതിയെ കുറിച്ച നമ്മുടെ സമീപനം രച നാത്മകമോ സംഹാരാത്മകമോ എന്നത് വളരെ നിർണാ യകമാണ്.പാരിസ്ഥിതിക പ്രശ്നങ്ങൾ കണ്ടെത്തുന്നതിലും അവയ്ക്ക് പരിഹാരമാരായുന്നതിലും ഇത് വളരെ പ്രധാ നമാണ്. ഇതിന്റെ ഭാഗമായി നമുക്കാദ്യം ഇസ്‌ലാമിക കാഴ്ചപ്പാടിൽ പരിസ്ഥിതിയുടെ ഭൗതികമൂല്യം എന്താ ണെന്ന് പരിശോധിക്കാം.

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ ഖുർ ആനും സുന്നത്തും, ഇസ്‌ലാമികനാഗരികതയുടെ സമ്പ ന്നമായ പൈതൃകവും പരിസ്ഥിതിയെ ഭൗതികാർഥ ത്തിലും അല്ലാതെയും വളരെ ഗൗരവത്തിലാണെടുത്തി രിക്കുന്നതെന്നു കാണാം. ചരാചരലോകങ്ങളിൽ സമുന്നത സ്ഥാനീയരായ മനുഷ്യരുടെ സകലകാല നന്മകൾക്കുമാ യാണ് പരിസ്ഥിതി സംവിധാനിക്കപ്പെട്ടിരിക്കുന്നത്. ഈ അർഥത്തിൽ ഇസ്‌ലാം, പരിസ്ഥിതിയുടെ സ്വത്വനന്മയെ യും, മാനവ ക്ഷേമം സാക്ഷാൽക്കരിക്കുന്നതിൽ പരിസ്ഥി തിയുടെ സ്വയം പര്യാപ്തതയെയും അംഗീകരിക്കുന്നു, വിലമതിക്കുന്നു.

**പരിസ്ഥിതിയുടെ സ്വത്വനന്മ**

ഇസ്‌ലാമിക വീക്ഷണത്തിൽ പരിസ്ഥിതി സ്വത്വ നന്മയാൽ സവിശേഷമാണ്. ഇസ്‌ലാം അതിൽ ഏതെ ങ്കിലും തരത്തിലുള്ള സ്വത്വ തിന്മ ആരോപിക്കുന്നില്ല. കേവല ഭൗതികാസ്തിത്വം എന്ന നിലയിലോ, ധൈഷ ണികവും ആത്മീയവുമായ അനുഭവം എന്ന നിലയിലോ, സസ്യങ്ങൾ മൃഗങ്ങൾ, ലോഹങ്ങൾ മുതലായ നിലകളി ലോ, സമ്പൂർണവും പരസ്പര ബന്ധിതവുമായ ഘടന യുടെ ഭാഗമെന്ന നിലയിലോ ഒന്നും ഇസ്‌ലാം അതിൽ തിന്മ ആരോപിക്കുന്നില്ല. പരിസ്ഥിതിയുടെ ഈ സ്വത്വ സവിശേഷത അതിൽ ആദ്യമെ ഉള്ളതാണ്. പരിസ്ഥി തിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലും അത് നൽകുന്ന ഭൗതികവും ആത്മീയവുമായ പ്രയോജനങ്ങ ളിലും ഈ നന്മ നിലനിൽക്കുന്നു. ചുരുക്കത്തിൽ, അസ്തിത്വപരമായും പ്രയോജനപരമായും സാക്ഷ്യമായും പരിസ്ഥിതി നന്മയിലധിഷ്ഠിതമാണ്.

പരിസ്ഥിതിയുടെ നന്മ അതിന്റെ മൗലിക ഗുണ ത്തിന്റെ തന്നെ ഭാഗമാണ്. അതിലെ വ്യത്യസ്ത സൃഷ്ടി കളെ അല്ലാഹു സൃഷ്ടിച്ചപ്പോഴും അവയെ ഔദാര്യമെന്ന നിലയിൽ മനുഷ്യർക്ക് സമ്മാനിച്ചപ്പോഴുമെല്ലാം ഈ നന്മ അവന്റെ ഭാഗത്തുനിന്നുള്ള പൊതു ഔദാര്യമായും മനു ഷ്യർക്കുമാത്രമായുള്ള സവിശേഷ കടാക്ഷമായും നൽക പ്പെട്ടതാണ്.ഖുർആൻ പറയുന്നു:

﴿وَمَا خَلَقْنَا السَّمَاءَ وَالْأَرْضَ وَمَا بَيْنَهُمَا بَاطِلًا ذَٰلِكَ ظَنُّ الَّذِينَ كَفَرُوا فَوَيْلٌ لِلَّذِينَ كَفَرُوا مِنَ النَّارِ﴾

'നാം ആകാശത്തെയും ഭൂമിയെയും അവക്കിട യിലുള്ളതിനെയും മിഥ്യയായി സൃഷ്ടിച്ചിട്ടില്ല. അത് സത്യ നിഷേധികളുടെ ഊഹമാണ്. അതുകൊണ്ട് സത്യനിഷേ ധികൾക്ക് മഹാനാശം'(സ്വാദ്-27) പ്രപഞ്ചസൃഷ്ടിപ്പിനു പിന്നിൽ നന്മയിലധിഷ്ഠിതമായ പൊതുയുക്തിയു ണ്ടെന്നും സത്യനിഷേധികൾ കരുതുന്നതുപൊലെ സൃഷ്ടികർമ്മം വൃഥാവ്യായാമമല്ലെന്നും സാരം. താഴെ സൂക്തവും ഇത് തന്നെ സ്ഥാപിക്കുന്നു:

﴿هُوَ الَّذِي خَلَقَ لَكُمْ مَا فِي الْأَرْضِ جَمِيعًا﴾

'ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചവനാ ണവൻ-അല്ലാഹു-'(ബഖറഃ-29) ഭൗമപരിസ്ഥിതി അല്ലാ

ഹുവിന്റെ ഭാഗത്ത് നിന്ന് മനുഷ്യന്ന് മാത്രമായി ലഭിച്ച ഔദാര്യമാണെന്നർഥം. ഇത് ഇസ്‌ലാമിക സംസ്‌കാരത്തിലെ അടിയുറച്ച ആശയമാണ്.പ്രസിദ്ധപണ്ഡിതനായ ഖാദി അബ്ദുൽ ജബ്ബാർ തന്റെ 'അൽമുഗ്നി'യിൽ ചേർത്ത അധ്യായത്തിന്റെ പേര് ശ്രദ്ധേയമാണ്.

فصل في بيان وجه حسن ابتداء الله تعالى لخلق الخلق و إنشاء الأيام وما يتصل بذلك

'അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചു തുടങ്ങിയതിന്റെ നന്മയുടെ രീതിയുടെയും ദിവസങ്ങൾ ഉണ്ടാക്കിയതിന്റെയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും വിവരണമടങ്ങുന്ന അധ്യായം'*10* പരിസ്ഥിതി അടിസ്ഥാനപരമായി നന്മയിലധിഷ്ഠിതമാണെന്ന് ഇതോടെ വ്യക്തമായി.

ഇനി അതിന്റെ പ്രയോജന പരമായ നന്മപരിശോധിക്കാം. അതിലെ ചെറുതും വലുതുമായ ഓരോ ഘടകവും അവസമഗ്രമായി ചേർന്നുള്ള പാരിസ്ഥിതികസാകല്യവും വിശദാർഥത്തിൽ മാനവർക്ക് പ്രയോജനപ്പെടാനായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.


അതിലെ എല്ലാം മനുഷ്യർക്ക് നന്മയാണ്; പ്രയോജനകരമാണ്. ഒന്നും അവന്ന് നാശമായോ തിന്മയായോ മാത്രം സൃഷ്ടിക്കപ്പെട്ടതല്ല. ബാഹ്യമായി നന്മയായി കാണപ്പെടുന്ന വസ്തുക്കളെ കുറിച്ച് സൂക്ഷ്മപഠനം നടത്തുമ്പോൾ അവയുടെ നന്മ പൊതുവായി പ്രയോജനപ്പെടുന്നതായി കാണാം. ഇതും ഇസ്‌ലാമികനാഗരികതയിൽ വേരുറച്ച ആശയമാണ്.


يجب أن ينظر هل في العالم شر مطلق، فقد ذكر الحكماء أنا نظرنا و سبرنا فلم نجد فيه شرا مطلقا بوجه، بل كلّ ما يعد شرّا من وجه فهو يعدّ خيرا من وجه أو من وجوه(و)ما يعدّ شرّا من وجه و خيرا من وجوه لم يحكم بكونه شرّا

ലോകത്ത് കേവലം നാശകരമെന്ന് പറയാവുന്ന എന്തെങ്കിലുമുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. തങ്ങൾ പരീക്ഷിച്ചുനോക്കുകയും ആഴത്തിൽ പരിശോധിക്കുകയും ചെയ്തതിൽ, നാശകാരിമാത്രമായ ഒന്നിനെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നു. എന്നല്ല, ഒരു തരത്തിൽ നാശകാരിയായി പരിഗണിക്കപ്പെടുന്ന എല്ലാം ഒരു നിലയിലോ പലനിലകളിലോ നന്മദായകമായി ഗണിക്കപ്പെടുന്നവയാണ്. അതുപോലെ, ഒരു തരത്തിൽ നാശകാരിയും പലതരത്തിൽ നന്മയായും പരിഗണിക്കപ്പെടുന്നത് ഉപദ്രവകാരിയായി വിധിക്കപ്പെടാവതല്ല.'*11* ഇത് സോദാഹരണം അദ്ദേഹം വിവരിക്കുന്നു.

بيّنَ الحكماء كثيرًا من فوائد ما عدّه الناس شرورا... و ذكروا في الحشرات كالدّيدان والنمل و الحية و العقرب و البق والبراغيث و الذّبّان والضفادع والسراطين إنما خلقت من عفونات لو بقيت في الماء والأرض والهواء لكانت أسبابا للوباء، فخلقها الله منها، و جعل غذاءها تلك العفونات التي منها خلقت ليقلّ بذلك أسباب الوباء، مع ما فيها من المنافع في جملة الأدوية.

'ജനങ്ങൾ നാശകാരികളായി ഗണിക്കുന്നവയുടെ ധാരാളം പ്രയോജനങ്ങൾ പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്. പുഴുക്കൾ, ഉറുമ്പ്, പാമ്പ്,തേൾ,മൂട്ട,ചെള്ള്,തവള, ഞണ്ട് പോലുള്ളവയെ പറ്റി അവർ പറയുന്നത് അഴുകിയ വസ്തുക്കളിൽ നിന്നാണ് അവയുണ്ടാകുന്നതെന്നും അഴുക്കുകൾ വെള്ളത്തിലോ, ഭൂമിയിലോ,വായുവിലോ അവശേഷിച്ചാൽ അവ സാംക്രമിക രോഗങ്ങൾക്ക് കാരണമാകുമെന്നുമാണ്. അതിനാൽ അല്ലാഹു അവയെ അഴുക്കുകളിൽ നിന്ന് സൃഷ്ടിച്ചു, സാംക്രമിക രോഗങ്ങളുടെ കാരണങ്ങൾ കുറയ്ക്കാനായി അവ സൃഷ്ടിക്കപ്പെട്ട അഴുക്കുകൾ തന്നെ അവയ്ക്ക് ആഹാരമായി നൽകി. അതോടൊപ്പം അവയിൽ ഔഷധപരമായ പ്രയോജനങ്ങളുണ്ട്.'*12*



ജാഹിള്

നാശം എന്നതിന്റെ യഥാർഥ ആശയത്തിലുള്ള ദോഷങ്ങളിൽ നിന്ന് മുക്തവും,പ്രയോജനകരമായ നന്മയുൾക്കൊള്ളുന്നതുമാണ് ഇസ്‌ലാമിക വീക്ഷണത്തിലെ പരിസ്ഥിതി എന്നർഥം.

പരിസ്ഥിതിയുടെ സ്വത്വനന്മ,പ്രയോജന കരമായ നന്മ എന്നിവപോലെ സൂചനാപരമായ നന്മയും ഇസ്‌ലാമിൽ പ്രധാനമാണ്. പ്രകൃതിയിലെയും പരിസ്ഥിതിയിലെയും കാഴ്ചകളോരോന്നും അവയ്ക്ക് പിന്നിലെ അദൃശ്യാശയങ്ങളെ വ്യക്തമായും ചൂണ്ടിക്കാട്ടുന്നു. മനുഷ്യർക്ക് ആത്മീയ പ്രയോജനങ്ങൾ നൽകുന്നു.(ഇത് നാം നേരത്തെ വിശദീകരിച്ചു) ഈ കാഴ്ചകൾ ഒരു പക്ഷെ സ്വന്തം നിലയിൽവരെ പ്രധാനമാവാം. ഭൗതികമായി ഉപകാരം കുറവാകാം. ഇതെല്ലാം ബാഹ്യമായ കാര്യങ്ങളാ

ണ്. എങ്കിലും അവയെല്ലാം അല്ലാഹുവിന്റെ ദിവ്യത്വത്തിന്റെയും, പുനരുദ്ധാനത്തിന്റെയും യാഥാർഥ്യം മനുഷ്യന് പരിചയപ്പെടുത്തുന്ന ആത്മീയമായ ധാരാളം നന്മകൾ ഉൾക്കൊള്ളുന്നവയാണെന്നകാര്യം നിസ്തർക്കമത്രെ. തിന്മയാണെന്ന് കരുതപ്പെടുന്നവ പോലും ഈ അർഥത്തിൽ ആത്യന്തികമായി നന്മയായി പരിഗണിക്കപ്പെടുന്നു. ഈ ആശയത്തെ താഴെ സൂക്തം പ്രകാശിപ്പിക്കുന്നത് കാണുക:

**ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ ഖുർആനും സുന്നത്തും, ഇസ്‌ലാമികനാഗരികതയുടെ സമ്പന്നമായ പൈതൃകവും പരിസ്ഥിതിയെ ഭൗതികാർഥത്തിലും അല്ലാതെയും വളരെ ഗൗരവത്തിലാണെടുത്തിരിക്കുന്നതെന്നു കാണാം. ചരാചരലോകങ്ങളിൽ സമുന്നത സ്ഥാനീയരായ മനുഷ്യരുടെ സകലകാല നന്മകൾക്കുമായാണ് പരിസ്ഥിതി സംവിധാനിക്കപ്പെട്ടിരിക്കുന്നത്. ഈ അർഥത്തിൽ ഇസ്‌ലാം, പരിസ്ഥിതിയുടെ സ്വത്വനന്മയെയും, മാനവ ക്ഷേമം സാക്ഷാൽക്കരിക്കുന്നതിൽ പരിസ്ഥിതിയുടെ സ്വയം പര്യാപ്തതയെയും അംഗീകരിക്കുന്നു, വിലമതിക്കുന്നു.**

﴿إِنَّ اللّٰه لا يَسْتَحِي أَنْ يَضْرِبَ مَثَلًا مّا بَعُوضَةً فَمَا فَوْقَهَا فَأَمَّا الّذِينَ آمَنُوا فَيَعْلَمُونَ أَنَّهُ الحَقُّ مِن رَبّهِمْ وَأَمَّا الّذِينِ كَفَرُوا فَيَقُولُونَ مَاذَا أَرَادَ اللّٰهُ بِهَذَا مَثَلًا﴾

'കൊതുകിനെയോ അതിനേക്കാൾ നിസ്സാരമായ വസ്തുക്കളെയോ ഉപമിക്കുന്നതിന്ന് അല്ലാഹു ഒട്ടും ലജ്ജിക്കുന്നില്ല. സത്യം അംഗീകരിക്കുന്നവരാവട്ടെ,ആ ഉപമകൾ കണ്ട് അത് തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള സത്യമെന്നറിയുന്നു. നിഷേധികളോ, അവ ശ്രവിക്കുമ്പോൾ പറയുന്നത് 'ഇത്തരം ഉപമകൾ കൊണ്ട് അല്ലാഹുവിന് എന്തുകാര്യം എന്നത്രെ'(2/26)

പ്രയോജനരഹിതമെന്നോ നിസ്സാരമെന്നോ മനസ്സിലാക്കുന്നതിനാൽ ഖുർആനിൽ പരാമൃഷ്ടമായ ചില വസ്തുക്കളെ അവഗണിക്കുന്നവരുടെ നിലപാടുകളെയാണ് അല്ലാഹു മേൽ സൂക്തത്തിൽ വിമർശിക്കുന്നത്. പരിസ്ഥിതിയിലെ ഘടകങ്ങൾ എന്ന പരിഗണനയിൽ അതിലെ എല്ലാ വസ്തുക്കളെയും നമുക്ക് പ്രത്യക്ഷത്തിൽ ഗുണം മനസ്സിലാകുന്നുണ്ടോ ഇല്ലയോ എന്ന ചിന്തയില്ലാതെ വിലമതിക്കാൻ കഴിയണം. പരിസ്ഥിതിയുടെ മൂല്യനിർണയത്തിൽ വിശ്വാസികളും അവിശ്വാസികളും രണ്ടു തട്ടിലാണെന്നുസാരം.

ഈ ഖുർആനികാധ്യാപനം രൂപപ്പെടുത്തിയ പാരിസ്ഥിതികസംസ്കാരത്തിലാണ് ദാർശനികമായും പ്രായോഗികമായും ഇസ്‌ലാമിക നാഗരികത നിലകൊണ്ടത്. ഇമാം മാതുരീദിയുടെ വാക്കുകൾ ശ്രദ്ധിക്കുക.

إنّ الخلق على اختلاف جوهرهم في المضارّ و المنافِع جَعلهُم اللّه في الدّلالة على مُدَبِّر لهُم حَكيم وَ على وحدانيته كجوهر واحد في الإتقان من جهة الدلالة و الشهادة

'സൃഷ്ടികൾ ഉപകാരങ്ങളിലും ഉപദ്രവങ്ങളിലും മൗലികമായ വ്യത്യാസം പുലർത്തുന്നവയാണെങ്കിലും അല്ലാഹു അവയെ, നിയന്ത്രിക്കുന്ന യുക്തിജ്ഞനായ നിയന്ത്രകനെയും, അവയെ കുറ്റമറ്റതാക്കിയ ഏകമൂല സത്ത എന്ന നിലയിൽ അവന്റെ ഏകത്വത്തെയും കണ്ടെത്താനുള്ള സാക്ഷ്യമാക്കിയിരിക്കുന്നു'*13* നിസ്സാരജീവികളെ നിരീക്ഷിച്ചു ജീവിച്ച തന്നെ കളിയാക്കിയവരോട് ജാഹിള് തിരുത്തിയതും ഇങ്ങനെയാണ്.

فإياك أن تسيئ الظنّ بشيئ من الحيوان لاضطراب الخلق و لتفاوت التركيب و لأنّه مشنوء في العين أو لأنّه قليل النفع و الردّ، فإنّ الّذِي تظنّ أنّهُ أقلُّها نفعا لعلّه أنيكون أكثرها ردًّا فإلّا يكن ذلك من عاجَل أمر الدنيا كان ذلك في آجل أمر الدارين ... (و) اعلم أن مواقع منافعها من جهة الامتحان و البلوى،و من جهة ما أعدّ اللّه عزّ وجلّ للصابرين... و لتقف حتى تتفكر في الباب الّذِي رُمِيَتْ إليكَ بحميلته، فإنّك ستكثر حمد الله عزّ وجلّ على خلق الهمج و الحشرات و ذوات السموم والأنياب كما تحمده على خلق الأغذية من الماء و النسيم...

'ജീവികളുടെ സൃഷ്ടിപരമോ ഘടനാപരമോ ആയതകരാറുകളുടെയോ അന്തരങ്ങളുടേയോ,ദൃഷ്ടിയിൽ മോശമായി കാണുന്നതിന്റേയോ, ഉപകാരമോ വരുമാനമോ കുറവായതിന്റേയോ അടിസ്ഥാനത്തിൽ ഒരു ജീവിയെയും മോശമായി ധരിക്കരുത്. ഉപകാരം ഏറെ കുറഞ്ഞതായി നീ വിചാരിക്കുന്നതായിരിക്കും ഒരു പക്ഷെ ഏറ്റവുമധികം വരുമാനം തരിക. അവയുടെ പ്രയോജനങ്ങൾ പരീക്ഷണത്തിന്റെ ഭാഗമാണെന്നും അല്ലാഹു ക്ഷമാലുക്കൾക്ക് ഒരുക്കി വെച്ചതിന്റെ ഭാഗമായിട്ടാണെന്നും നീ മനസ്സിലാക്കണം. വെള്ളത്തിൽ നിന്നും മന്ദമാരുതനിൽ നിന്നും ആഹാരം സൃഷ്ടിച്ചതുപോലെ വിഷവും തേറ്റകളുമുള്ള ജീവികളെയും പ്രാണികളെയും കൊതുകിനെയും സൃഷ്ടിച്ചതിന്റെ പേരിൽ നീ അല്ലാഹുവിനെ ധാരാളമായി സ്തുതിക്കണം.'

ചുരുക്കത്തിൽ, ഇസ്‌ലാമിക സംസ്കാരം പ്രകൃതിയിലെ ഒന്നിനെയും നിസ്സാരമായി കാണുന്നില്ല എന്നല്ല, എല്ലാം അടിസ്ഥാനപരമായി തന്നെ അല്ലാഹുമനുഷ്യന് നൽകിയ അനുഗ്രഹത്തിന്റെ ഭാഗമാണെന്നാണ് അത് സിദ്ധാന്തിക്കുന്നത്.ഒരോ സൃഷ്ടിയും അതിന്റെ അവസ്ഥകളും ബാഹ്യമായി ചിലപ്പോൾ ദോഷമായി തോന്നാമെങ്കിലും മനുഷ്യർക്ക് ആത്മീയവും ഭൗതികവുമായ നന്മ പ്രദാനം ചെയ്യുന്നവയാണ്. ഈ സംസ്കാരത്തിലൂടെയാണ് ഇസ്‌ലാമിക നാഗരികത അതിന്റെ നിലപാടുകൾ രൂപപ്പെടുത്തിയത്. ■

***വിവ: അബ്ദുല്ലത്വീഫ്, കൊടുവള്ളി***

അവലംബം:


١) النسفي، العقائد النسفية:٢٠

٢) راجع في ذلك كتابنا—العقل والسلوك في البنية الإسلامية: ١٣٢

٣) عبد الرحمن بدوي، ربيع الفكر اليوناني : ١٢٢

٤) يوسف كرم، تاريج الفلسفة اليونانية :٨٨

٥) روبرت أقروس و جورج ستانسيو، العلم في منظوره الجديد :٠٤

٦) يوسف كرم، تاريخ الفلسفة الحديثة :٨٦

٧) راجع المصدر نفسه:١٠٥

٨) نفس المرجع :١٠٢

٩) نفس المرجع : ١٠٤

١٠) القاضي عبد الجبار، المغني ١١—١٠٠

١١) الراغب الأصبهاني، الاعتقادات : ٢٥٣

١٢)نفس المصدر :٢٥٤

١٣) الماتريدي، التوحيد : ١٠٩